DEPARTMENT OF AGRICULTURE
FARM INFORMATION BUREAU
FARM NEWS

05-05--2021

# കാർഷികമേഖലാവാർത്തകൾ

## അറിയിപ്പ്

കൃഷി സംബന്ധമായ അറിവുകൾക്കും സംശയ നിവാരണത്തിനുമായി കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന, "കാർഷിക വിവരസങ്കേതം" കോൾ സെന്ററിലേയ്ക്ക് കർഷകർക്ക് രാവിലെ 8 മുതൽ രാത്രി 8 മണിവരെയുള്ള സമയത്ത് 1800-425-1661 എന്ന ടോൾഫ്രീ നമ്പരിലൂടെ ബന്ധപ്പെടാവുന്നതാണ്. കൂടാതെ 9447051661 എന്ന വാട്സ് ആപ്പ് നമ്പറിലൂടെ രോഗകീട ആക്രമണ ലക്ഷണങ്ങളുടെ ചിത്രങ്ങളും സന്ദേശങ്ങളും അയച്ചും സംശയങ്ങൾ ദൂരീകരിക്കാവുന്നതാണ്.

## അറിയിപ്പ്

തിരുവനന്തപുരം കുടപ്പനക്കുന്ന്, പ്രാദേശിക കോഴി വളർത്തൽ കേന്ദ്രത്തിൽ നിന്നും പൂവൻ കോഴിക്കുഞ്ഞുങ്ങൾ കോഴിക്കുഞ്ഞ് ഒരെണ്ണത്തിന് 10 രൂപ നിരക്കിൽ വിൽപ്പനയ്ക്ക് സജ്ജമാണ്. കോഴിക്കുഞ്ഞുങ്ങളെ ആവശ്യമുള്ള ഉപഭോക്താക്കൾ 0471- 2730804 എന്ന ഫോൺ നമ്പരിൽ കോഴി വളർത്തൽ കേന്ദ്രവുമായി

ബന്ധപ്പെടേണ്ടതാണെന്ന് കുടപ്പനക്കുന്ന്, പ്രാദേശിക കോഴി വളർത്തൽ കേന്ദ്രത്തിലെ അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചു.

## പരിശീലനം

മലമ്പുഴ സർക്കാർ മൃഗസംരക്ഷണകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ പശുവളർത്തൽ എന്ന വിഷയത്തിൽ ഇന്ന് (05.05.2021) രാവിലെ 10 .30 നു ഓൺലൈൻ പരിശീലനം ഉണ്ടായിരിക്കുന്നതാണ്. ഏകദിന പരിശീലനത്തിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ 9188522713 എന്ന നമ്പറിലേക്ക് പരിശീലനാർത്ഥിയുടെ പേര് മേൽവിലാസം, പരിശീലനത്തിന്റെ പേര് എന്നീ വിവരങ്ങൾ വാട്സ്ആപ്പ് ചെയ്ത് രജിസ്റ്റർ ചെയ്യാവുന്നതാണെന്ന് മലമ്പുഴ മൃഗസംരക്ഷണ പരിശീലന കേന്ദ്രം അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചു.

## കശുമാങ്ങ ഉത്പന്നങ്ങൾ വിൽപ്പനയ്ക്ക്

കേരളകാർഷികസർവകലാശാലയുടെ തൃശൂർ കശുമാവ് ഗവേഷണകേന്ദ്രത്തിൽ കശുമാങ്ങ ജ്യൂസ്, സിറപ്പ്, സോഡ, ക്യാൻഡി, അച്ചാർ, ജാം എന്നിവ വിൽപ്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക്**0487 2370339** എന്ന നമ്പരിൽ ബന്ധപ്പെടാവുന്നതാണ്..

## കോഴിക്കുഞ്ഞുങ്ങൾവിൽപ്പനയ്ക്ക്

കോട്ടയം ജില്ലയിലെ പ്രാദേശിക കോഴിവളർത്തൽ കേന്ദ്രം മണർകാട് നിന്നും എല്ലാ ബുധൻ, ശനി ദിവസങ്ങളിലും ഒരുദിവസം

പ്രായമായ ഗ്രാമശ്രീ പിടക്കുഞ്ഞിനെ 22 രൂപയ്ക്കും പൂവൻ കുഞ്ഞിനെ 10 രൂപയ്ക്കും വിതരണം ചെയ്യുന്നതായി അസിസ്റ്റന്റ്ഡയറക്ടർ അറിയിച്ചു. ബുക്കിങ്ങിനായി ബന്ധപ്പെടേണ്ട നമ്പർ 8301897710, 0481-2373710

## ഫലവർഗതൈകൾവിൽപ്പനയ്ക്ക്

എറണാകുളം ഹൈക്കോടതി ജംഗ്ഷൻ, ഗോശ്രീറോഡിലുള്ള കൃഷിവിജ്ഞാന കേന്ദ്രത്തിൽ മാവ്, സപ്പോട്ട, പേര, പപ്പായ, ചാമ്പ, നെല്ലി, ഞാവൽ, ബബ്ലൂസ് നാരകം, മുസംബി, മറ്റു നാരക ഇനങ്ങൾ, ചെറി, പാഷൻഫ്രൂട്ട്, മാതളനാരകം തുടങ്ങിയവയുടെ തൈകൾ വിൽപ്പനയ്ക്ക് ലഭ്യമാണ്. രണ്ടുവർഷം പ്രായമായ രണ്ടര അടിയോളം പൊക്കമുള്ള ഗ്രാഫ്റ്റ്, ലെയർ തൈകളാണ് ഇവിടെ ലഭ്യമാക്കുന്നത്. കൂടാതെ കുറ്റികുരുമുളകുതൈകളും ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 8281757450 എന്ന നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

## തെങ്ങിൻ തൈകൾവിൽപ്പനയ്ക്ക്

വി.എഫ്.പി.സി.കെയുടെ തിരുവനന്തപുരം ആനയറയിലുള്ള കൃഷി ബിസിനസ്സ് കേന്ദ്രയിൽ തെങ്ങിൻ തൈകൾ വിൽപ്പനയ്ക്ക് ലഭ്യമാണ്. TxD തൈകൾ, DxTതൈകൾ എന്നിവ 200 രൂപയും നാടൻ തെങ്ങിൻ തൈകൾ 100 രൂപയുമാണ് വില. കൂടുതൽ വിവരങ്ങൾക്ക് **8281635530** എന്ന നമ്പരിൽ ബന്ധപ്പെടുക.

## ഭരണിക്കാവ്സഹകരണ ബാങ്കിൽ മാമ്പഴ മേള

കൊല്ലം ഭരണിക്കാവ് സഹകരണ ബാങ്കിൽ മാമ്പഴ മേള ആരംഭിച്ചു. കോവിഡ് കാലത്ത് കർഷകരിൽ നിന്നും ലഭിക്കുന്ന വിഷരഹിതമായ മാമ്പഴം ആണ് നൽകുന്നത്. കച്ചവടക്കാരെ ഒഴിവാക്കിക്കൊണ്ട് കർഷകരിൽ നിന്നും വാങ്ങുന്നതുകൊണ്ട് പ്രാദേശികമായി ലഭ്യമാകുന്ന ഇനങ്ങൾ മാത്രമേ വിൽപ്പനയ്ക്ക് ഉണ്ടാവുകയുള്ളൂ. ആദ്യദിനം ബംഗാനപ്പള്ളി, പഞ്ചവർണ്ണം എന്നീ ഇനങ്ങളാണ് ഉണ്ടാവുക. സിന്ദൂരം തുടങ്ങിയ ഇനങ്ങൾഅടുത്ത ആഴ്ചലഭ്യമാകുന്നതാണ്. വിഷരഹിത മാമ്പഴം ആവശ്യമുള്ള കച്ചവടക്കാർക്കുംേ ഹാൾസെയിൽ നിരക്കിൽ നൽകുന്നതാണ്. കൂടുതൽവിവരങ്ങൾക്ക് **9446010755, 9447472036, 8086768279** എന്നീ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

## അറിയിപ്പ്

കേരളകാർഷികസർവ്വകലാശാലയുടെ മണ്ണുത്തിയിലുള്ള കാർഷിക സാങ്കേതിക വിജ്ഞാന കേന്ദ്രത്തിൽ വള്ളിപ്പയർ ഇനങ്ങളായ ലോല, വൈജയന്തി, കെ.എ.യു. ദീപികഎന്നിവയും അനശ്വര ഇനത്തിൽപ്പെട്ട കുറ്റിപ്പയർവിത്തുകളും മോഹിത് നഗർ, മംഗളഎന്നീ ഇനങ്ങളിൽപ്പെട്ട കവുങ്ങിന്റെ നടീൽവസ്തുക്കളും വിൽപ്പനയ്ക്ക് ലഭ്യമാണ്.

## അറിയിപ്പ്

കേരളകാർഷികസർവകലാശാലയുടെ കീഴിലുള്ള സെൻട്രൽ നേഴ്സറിയിൽ മികച്ച ഇനം പച്ചക്കറി വിത്തുകളും, തൈകളും

വില്പനയ്ക്കായി തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ, W.C.T., കോമാടൻ, കുറ്റ്യാടി, ലക്ഷദ്വീപ് ഓർഡിനറി തെങ്ങിൻതൈകളും, നീലം, പ്രിയൂർ, മല്ലിക, ചന്ദ്രക്കാരൻ, ഗുദാദത്ത്, രത്ന, ഒ-45,ഒ-15 മാവിനങ്ങളും, മറ്റ് ഫലവൃക്ഷങ്ങളും, പന്നിയൂർ, കരിമുണ്ട വേരുപിടിപ്പിച്ചകുരുമുളക്വള്ളികളും, അയർ, സമ്പൂർണ്ണ, അമൃതം തുടങ്ങിയ സൂക്ഷ്മമൂലകക ൂട്ടുകളും, സ്യുഡോമോണാസ്, ട്രൈക്കോഡർമ, മൈക്കോറൈസ മുതലായവയും വില്പനയ്ക്കായി തയ്യാറായിട്ടുണ്ട്. പ്രവർത്തനസമയം രാവിലെ 10 മണി മുതൽ വൈകീട്ട് 5 മണിവരെയാണ്.

## അറിയിപ്പ്

തെങ്ങ്, കവുങ്ങ്, കുരുമുളക്, വാഴ, ഇഞ്ചി, പച്ചക്കറികൾ, പയറുവർഗ്ഗ ങ്ങൾ മുതലായവയിൽ മണ്ണിലൂടെ വ്യാപിക്കുന്ന രോഗങ്ങളെ നിയന്ത്രി ക്കാൻ സാധിക്കുന്ന ട്രൈക്കോഡെർമ്മ സമ്പുഷ്ട ജൈവവളം തൃശ്ശൂർ കൃഷിവിജ്ഞാന കേന്ദ്രത്തിൽ ലഭ്യമാണ്. 2 കിലോഗ്രാം പാക്കറ്റിന് 70/- രൂപയാണ് വില. പ്രവൃത്തി ദിവസങ്ങളിൽ 10.30 മണി മുതൽ 4.30 വരെ 9400483754 എന്ന നമ്പരിൽ വിളിച്ച് ബുക്ക്ചെയ്യേതാണ്.

## കാർഷിക നിർദ്ദേശങ്ങൾ

വെള്ളരിവർഗ്ഗ വിളകളിൽ ബാക്റ്റീരിയൽവിൽറ്റ് രോഗംകണ്ടുവരുന്നുണ്ട്. ഇതു തടയുന്നതിനായിരോഗം പരത്തുന്ന കീടങ്ങൾക്കെതിരെ തടത്തിൽ വേപ്പിൻ പിണ്ണാക്ക്ചേർത്ത് കൊടുക്കുക. കൂടാതെ 20 ഗ്രാം പച്ചചാണകംഒരുലിറ്റർവെള്ളത്തിൽ എന്ന തോതിൽ

കലക്കിതെളിയെടുത്തു തളിച്ചു കൊടുക്കുക. രോഗം മൂർച്ഛിക്കുന്ന അവസ്ഥയിൽ സ്ട്രെപ്റ്റോസൈക്ലിൻ 3 ഗ്രാം 10 ലിറ്റർ എന്ന തോതിൽ തളിച്ച് കൊടുക്കാവുന്നതാണ്.

## പഴം-പച്ചക്കറിസംസ്കരണകേന്ദ്രം

വയനാട്ടിലെ അമ്പലവയൽ കൃഷിവിജ്ഞാന കേന്ദ്രത്തിൽ പഴം-പച്ചക്കറിസംസ്കരണകേന്ദ്രം തുറന്നു. കെ.വി.കെയിലെ സാങ്കേതിക വിദഗ്ദ്ധരുടെ സഹായത്തോടെ കർഷകർക്കും കർഷകസംഘങ്ങൾക്കും മൂല്യവർധിത ഉത്പന്നങ്ങളുണ്ടാക്കാൻ ഇവിടെ സൗകര്യമുണ്ടായിരിക്കും. വിവിധ ഫലവർഗങ്ങളുടെ മൂല്യവർധിത ഉത്പന്നങ്ങളുണ്ടാക്കാൻ ആധുനിക യന്ത്രസൗകര്യങ്ങൾ ഇവിടെലഭ്യമാണ്. പഴച്ചാർ വേർതിരിക്കൽ, പാനീയം നിശ്ചിത അളവിൽ കുപ്പികളിൽ നിറയ്ക്കൽ, നൂഡിൽസ് നിർമ്മാണം, ഇഞ്ചി, വെളുത്തുള്ളി പുറംതൊലി നീക്കൽ, പഴം, പച്ചക്കറി, സുഗന്ധവ്യഞ്ജനങ്ങൾ ഉണക്കിയെടുക്കൽ തുടങ്ങിയവയ്ക്കുള്ള സംവിധാനവും ഇവിടെയുണ്ട്. കൂടുതൽ വിവരങ്ങൾക്ക് 9496930411 എന്ന നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.